**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൊറ്റങ്കര കുടിവെള്ള ടാങ്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിലെ കൊറ്റങ്കര ആയുർവേദ ആശുപത്രി പരിസരത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കുടിവെള്ള ടാങ്ക് നിർമ്മാണത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | കൊറ്റങ്കര പഞ്ചായത്തിലെ മേക്കോൺ ആയുർവേദ ആശുപത്രി കോമ്പൗണ്ടിൽ 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല സംഭരണിയായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ ആശുപത്രി കെട്ടിടത്തിന്റെ ചെറിയൊരു ഭാഗം പൊളിക്കുന്നതിൽ ആയുർവേദ ആശുപത്രി അധികൃതർ എതിർപ്പ് ഉന്നയിച്ചതിനാൽ ആയുർവേദ ഡിസ്പെൻസറി നിലനിർത്തിക്കൊണ്ടു ടാങ്കിന്റെ വലിപ്പം 8.5 ലക്ഷം ലിറ്റർ ശേഷിയായി കുറയ്ക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ടാങ്കിന്റെ ഡിസൈനിൽ മാറ്റം വരുത്തി നിർമാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ ചെയ്തു വരവെ സൈറ്റിൽ നിലവിലുള്ള കിണർ നിലനിർത്തണ ആവശ്യം വന്നതിനാൽ ടാങ്കിന്റെ ഫൌണ്ടേഷൻ ഘടനയിൽ വീണ്ടും മാറ്റം വരുത്തേണ്ടതായി വന്നു. നിലവിൽ ഉപരിതല സംഭരണിയുടെ പുതുക്കിയ ഡിസൈൻ അംഗീകാരത്തിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ